No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എം.ബി.ബി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം–2020
## വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2020–21 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ് കോഴ്സ് പ്രവേശനത്തിനുള്ള ഓൺലൈൻ ഓപ്ഷനുകൾ 10.11.2020 തീയതിയിലെ No. CEE/4600/2019/KEAM-2020/TA3 വിജ്ഞാപനപ്രകാരം ക്ഷണിച്ചിരുന്നു. 2020–ാം ആണ്ടിലെ WP(C)No.24070, 24219, 24725 എന്നീ ഹർജികളിലെ കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം 2020–21 അദ്ധ്യയന വർഷത്തെ മെഡിക്കൽ കോഴ്സ് വാർഷിക ഫീസ് ബഹു.കോടതിയുടെ അന്തിമ വിധി പ്രകാരമോ, കോടതി ചുമത്തുന്ന മറ്റ് അധികാരികളുടെ അന്തിമ വിധി പ്രകാരമോ ആയിരിക്കും. AFRC ശുപാർശ ചെയ്തതിൻപ്രകാരമുള്ളതും 11.11.2020 ലെ G.O.(MS)No.218/2020/H&fWD ഉത്തരവിൻപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വാർഷിക ഫീസിന് അധികമായ തുക ഫീസായി കോടതിയോ കോടതി ചുമതലപ്പെടുത്തുന്ന അധികാരിയോ നിശ്ചയിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതടയ്ക്കാൻ ബാധ്യസ്ഥമായിരിക്കുമെന്ന് കോടതിയുടെ മേൽ ഹർജികളിലെ ഇടക്കാല ഉത്തരവിൽ വിധിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവ് എല്ലാ അപേക്ഷകരുടേയും അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നു. വിവിധ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ആവശ്യപ്പെട്ടിട്ടുള്ളതും മേൽ കേസുകളിൽ കോടതിയുടെ പരിഗണനയിൽ ഉള്ളതുമായ ഫീസ് ഘടന എല്ലാ അപേക്ഷകരുടെയും അറിവിലേയ്ക്കായി ഇതിനാൽ താഴെ രേഖപ്പെടുത്തിക്കൊള്ളുന്നു.

| ഫീസ് ഘടന (MBBS) | | |
|---|---|---|
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | **General (85%)** | **NRI (15%)** |
| Travancore Medical College, Kollam | 11,00,000/- | 20,00,000/- |
| Malabar Medical College & Research Centre, Kozhikode | 12,37,000/- | 25,00,000/- |
| Sree Gokulam Medical College & Research Foundation, Thiruvananthapuram | 12,65,000/- | $.46,000/-USD |
| PK Das Institute of Medical Sciences, Palakkad | 22,00,000/- | 25,00,000/- |
| Karuna Medical College, Palakkad | 19,50,000/- | 30,00,000/- |
| Mount Zion Medical College, Pathanamthitta | 15,00,000/- | 25,00,000/- |
| Al-Azhar Medical College & Super Speciality Hospital, Thodupuzha | 15,41,680/- | 25,00,000/- |
| KMCT Medical College, Kozhikkode | 12,00,000/- | 20,00,000/- |
| DM Wims Medical College, Meppadi, Wayanad | 15,00,000/- | 25,00,000/- |
| Believers Church Medical College Hospital, Thiruvalla | 11,50,000/- | 20,00,000/- |

മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അധിക ഫീസ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും ഫീസ് സംബന്ധിച്ച ബഹു.കോടതി വ്യവസ്ഥകൾ മറ്റ് സ്വാശ്രയ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിനും ബാധകമായിരിക്കുമെന്നും അറിയിക്കുന്നു.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
16.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**